ഉത്തരം

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടയുടെയും കോട്ട മതിലുകളുടെയും സംരക്ഷണപണികൾ അന്തിമഘട്ടത്തിലാണ്. കോട്ടവാതിലുകളായ കിഴക്കേകോട്ട, വെട്ടിമുറിച്ചകോട്ട, തെക്കേകോട്ട, സിംഹക്കോട്ട, പടിഞ്ഞാറേകോട്ട, ഹോസ്പിറ്റൽകോട്ട, പഴവങ്ങാടി സ്തൂപങ്ങൾ തുടങ്ങിയവയുടെ സംരക്ഷണപണികൾ പൂർത്തിയായിട്ടുണ്ട്. ക്ഷേത്രത്തിന് ചുറ്റുമുള്ള സർക്കാർ സംരക്ഷിത സ്മാരകങ്ങളായ കൊട്ടാരങ്ങളുടെയും, കെട്ടിടങ്ങളുടെയും സംരക്ഷണപണികൾ പ്രാരംഭഘട്ടത്തിലാണ്. കേന്ദ്ര സംസ്ഥാന ടൂറിസം വകുപ്പുകളുടെ സഹായത്തോടെയുള്ള മതിലുകളോട് ചേർന്നുള്ള നടപ്പാത നിർമ്മാണവും പുരോഗമിച്ചുവരുന്നു. കോട്ടമതിലുകളെ വികൃതമാക്കിയും മറച്ചുകൊണ്ടുമുള്ള നിർമ്മാണങ്ങൾ നീക്കം ചെയ്ത് പകരം പ്രീഫാബ്രിക്കേറ്റഡ് കടകൾ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ലഭിച്ചിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്-എച്ച്) ഇക്കാര്യം നഗരസഭയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

മത്സ്യഭവനുകളുടെ പ്രവർത്തനം

44 (3985) ശ്രീ ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മത്സ്യമേഖലയിലെ എല്ലാ ആനുകൂല്യങ്ങളും ഒരു കുടക്കീഴിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുക എന്ന ആശയം മത്സ്യ ഭവനുകൾക്ക് പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ മത്സ്യഭവനുകളിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങൾ ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മത്സ്യഭവനുകളുടെ പ്രവർത്തനം എല്ലാ മത്സ്യത്തൊഴിലാളി കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 100 മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, കേരളാ ഫിഷർമെന്റ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവകളിലെ ഏറ്റവും താഴെത്തട്ടിലുള്ള ഓഫീസുകൾ ഒരു കുടക്കീഴിൽ പ്രവർത്തിക്കുക എന്നതാണ് മത്സ്യഭവൻ കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത ഓഫീസുകൾ മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യഭവൻവഴി നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫിഷറീസ് വകുപ്പും മത്സ്യഫെഡ്, ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് എന്നീ ഏജൻസികളും മത്സ്യഭവൻ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചെമ്മീൻകൃഷി

45 (3986) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെ നിന്നെല്ലാം ചെമ്മീൻ വിത്തുകൾ ഇറക്കുമതി ചെയ്യുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് എൽ. വനാമി ഇനത്തിൽപ്പെട്ട ചെമ്മീൻകൃഷി ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് നാടൻ ചെമ്മീനുകൾക്ക് രോഗം ഉണ്ടാക്കിയിട്ടുണ്ടോ ;

(ഡി) ഇപ്പോൾ ചെമ്മീൻ രോഗം സംസ്ഥാനത്ത് കാര്യമായ തോതിലുണ്ടോ ?

ഉത്തരം

(എ) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നും ചെമ്മീൻ വിത്തുകൾ ഇറക്കുമതി ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കാര്യമായ തോതിൽ ഇല്ല.

മത്സ്യഫെഡിന്റെ കീഴിലുള്ള ആറ്റുകൊഞ്ച് ഹാച്ചറികൾ

46 (3987) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ കീഴിൽ എത്ര ആറ്റുകൊഞ്ച് ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയെന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly